## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2599** — **09.05.2017 ൽ മറുപടിയ്ക്ക്**

## കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) റബ്ബർ കൃഷി ഉപേക്ഷിക്കുന്നവരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>ബി) കശുമാവ് കൃഷിയുടെ വ്യാപനത്തിനും കശുവണ്ടി ഉൽപ്പാദന വർദ്ധനവിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | എ) & ബി) റബ്ബർ കൃഷി ഉപേക്ഷിക്കുന്നവരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം, കശുവണ്ടി ഉല്പാദന വർദ്ധനവിനായി, കശുമാവ് കൃഷി വ്യാപനം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2017-18 വാർഷിക കർമ്മ പദ്ധതിയിൽ 100 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ സ്ഥലത്തും കശുമാവ് കൃഷിക്കുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

S. [signature]
**സെക്ഷൻ ഓഫീസർ**